## പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 1703 — 14.07. 2016 ൽ മറുപടിക്ക്

### ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളുടെ വിഭജനം

ചോദ്യം

ശ്രീ. പി.സി.ജോർജ്

ഉത്തരം

ശ്രീ.കടകംപള്ളി സുരേന്ദ്രൻ

(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുതി മുടങ്ങിയാൽ ആയത് പുനസ്ഥാപിക്കുന്നതിന് കാലതാമസം വരുന്നത് ജീവനക്കാരുടെ കുറവുമൂലമാണെങ്കിൽ കൺസ്യൂമേഴ്സിന്റെ എണ്ണം കൂടുതലുള്ള ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പ്രസ്തുത കാലതാമസം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ;<br>(ബി) എങ്കിൽ ഒരു സെക്ഷൻ ഓഫീസിന്റെ കീഴിൽ എത്ര കൺസ്യൂമേഴ്സിനെ ഉൾപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;<br>(സി) ഇതു പ്രകാരം കൺസ്യൂമേഴ്സിന്റെ എണ്ണം കൂടുതലുള്ള എത്ര സെക്ഷൻ/മേജർ സെക്ഷൻ ഓഫീസുകൾ വിഭജിക്കേണ്ടി വരുമെന്ന് വ്യക്തമാക്കുമോ; | (എ),(ബി)&(സി) നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 20000-ൽ അധികം ആകുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണയായി ബോർഡ് നിലവിലുള്ള സെക്ഷനുകൾ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. പുതുതായി സെക്ഷൻ ഓഫീസ് അനുവദിക്കുന്നത് വലിയ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്ന കാര്യമാണ്. ഇത് ഉപഭോകതാക്കളുടെ താരിഫിലുള്ള വർദ്ധനവിന് കാരണമാകുമെന്നതിനാൽ ഉപഭോക്താക്കൾക്ക് സമയ ബന്ധിതമായി സേവനം നൽകുന്നതിനും ബില്ലുകൾ അടക്കുന്നതിനും മറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തിക്കൊണ്ട്, അത്യാവശ്യം സന്ദർഭങ്ങളിൽ അല്ലാതെ പുതിയ ഓഫീസുകൾ ആരംഭിക്കാറില്ല. |
| (ഡി) ഗാർഹിക വ്യവസായിക മേഖലകളിൽ നിന്നും കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന് എത്ര കോടി രൂപ പിരിഞ്ഞ് കിട്ടാനുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ; | (ഡി) എച്ച്.റ്റി./ഇ.എച്ച്.റ്റി. വിഭാഗത്തിൽ 31.03.2016 -ലെ കണക്കു പ്രകാരം ഗാർഹിക വിഭാഗത്തിൽ കുടിശ്ശിക ഇല്ല. ഈ വിഭാഗത്തിൽ വ്യവസായ മേഖലയിൽ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന് പിരിഞ്ഞു കിട്ടാനുള്ള തുക ജില്ല തിരിച്ച് പട്ടികയായും എൽ.റ്റി. വിഭാഗത്തിലെ ഗാർഹിക വ്യാവസായിക മേഖലയിലെ ഉപഭോക്താക്കളിൽ |

| | |
|---|---|
| | നിന്നു പിരിഞ്ഞു കിട്ടാനുള്ള തുകയുടെ ജില്ല തിരിച്ചുള്ള കണക്കും അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഇ) ഇതിൽ ഏറ്റവും കൂടുതൽ കുടിശ്ശിക തുക അടയ്ക്കാനുള്ള വ്യവസായ സ്ഥാപനം ഏതെന്ന് വിശദമാക്കുമോ? | (ഇ) 31.03.2016-ലെ കണക്കുപ്രകാരം വ്യാവസായിക മേഖലയിൽ ഏറ്റവും കൂടുതൽ കുടിശ്ശിക തുക അടയ്ക്കാനുള്ള പൊതുമേഖലാ വ്യാവസായ സ്ഥാപനം ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ആണ് . |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**